മടിക്കൈ പഞ്ചായത്തിലെ പ്രിയയുടെ മരണം

54 (3006) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ മടിക്കൈ പഞ്ചായത്തിൽ സംശയാസ്പദമായ നിലയിൽ മരണപ്പെട്ട പ്രിയയുടെ മരണത്തെക്കുറിച്ച് അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് ബന്ധുക്കൾ നൽകിയ അപേക്ഷയിൻമേലുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

ഉത്തരം

പ്രിയയുടെ മരണം സംബന്ധിച്ച് നീലേശ്വരം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 180/02-ൽ അസ്വഭാവിക മരണമായി കേസ് രജിസ്റ്റർ ചെയ്ത് കാഞ്ഞങ്ങാട് ഡി.വൈ.എസ്.പി. അന്വേഷണം നടത്തി വരികയാണ്. പ്രിയ കിണറ്റിൽ വീഴുന്നതിനുമുമ്പ് പ്രിയയും ഭർത്താവിന്റെ അമ്മ, സഹായിയും മാത്രമേ വീട്ടിലുണ്ടായിരുന്നുള്ളൂ. ഇവർ തമ്മിൽ ബലപ്രയോഗം നടത്തിയിട്ടുണ്ടോ എന്നറിയുന്നതിനുള്ള മെഡിക്കൽ പരിശോധന റിപ്പോർട്ട് കിട്ടിയിട്ടില്ല. അത് കിട്ടുന്ന മുറയ്ക്ക് അനന്തര നടപടി സ്വീകരിക്കുന്നതാണ്.

ദിൽന എന്ന പെൺകുട്ടിയുടെ മരണം സംബന്ധിച്ച അന്വേഷണം

55 (3007) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂരിൽ ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞ 'ദിൽന' എന്ന പെൺകുട്ടിയുടെ മരണം സംബന്ധിച്ച കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണെന്ന് വ്യക്തമാക്കാമോ ;

(സി) ഇപ്പോൾ ഏത് ഏജൻസിയാണ് ഈ കേസ് അന്വേഷിക്കുന്നത് ;

(ഡി) ഈ കേസ്സിന്റെ രാസപരിശോധനാ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ഇ) ഈ കേസ്സുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(എഫ്) ഈ കേസ്സിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുനലൂർ പോലീസ് സ്റ്റേഷനിൽ 25-11-2002-ൽ 12.15 പി.എം.-ന് ക്രൈം 545/02 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ക്രൈം ഡിറ്റാച്ച്മെന്റ്.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇല്ല.

(എഫ്) കേസ് അന്വേഷിച്ച് കൊണ്ടിരിക്കയാണ്.

മഹാരാജാസ് കോളേജ് ബോയ്സ് ഹോസ്റ്റലിലെ വിദ്യാർത്ഥിയുടെ മരണം

56 (3008) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം മഹാരാജാസ് കോളേജ് ബോയ്സ് ഹോസ്റ്റലിൽ ഒരു വിദ്യാർത്ഥി മരിച്ചുകിടന്നതായ സംഭവത്തിന്റെ യഥാർത്ഥ സ്ഥിതി എന്താണ് ;

(ബി) പ്രസ്തുത വിദ്യാർത്ഥിയെക്കുറിച്ചുള്ള വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പോസ്റ്റുമോർട്ടം റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ ;

(ഡി) കേസ് അന്വേഷിക്കുന്ന പോലീസ് ഉദ്യോഗസ്ഥൻ ആരാണ് ;

(ഇ) പോസ്റ്റുമോർട്ടത്തിലെ നിഗമനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(എഫ്) പ്രസ്തുത സംഭവം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുമോ ?

ഉത്തരം

(എ) മഹാരാജാസ് കോളേജ് വിദ്യാർത്ഥിയായ 22 വയസ്സുള്ള ലിനേഷ് ഏതോ വിഷം ഉള്ളിൽച്ചെന്ന് മരിക്കാനിടയായ സംഭവം സംബന്ധിച്ച് എറണാകുളം സെൻട്രൽ പി.എസ്.ക്രൈം 267/03 യു/സി അസ്വാഭാവിക മരണമായി കേസെടുത്ത് അന്വേഷണം നടന്നുവരുന്നു.

(ബി) ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല താലൂക്കിൽ ചിന്നക്കൽ വില്ലേജിൽ മുട്ടുകാലുകരയിൽ എരുമലം തടത്തിൽ വീട്ടിൽ പൗലോസ് മകൻ 22 വയസ്സുള്ള ലിനേഷ്, മഹാരാജാസ് കോളേജ് രണ്ടാംവർഷ എം.എ. ഫിലോസഫി വിദ്യാർത്ഥിയായിരുന്നു.

(സി) ഉണ്ട്.

(ഡി) എറണാകുളം സെൻട്രൽ പി.എസ്. പോലീസ് സബ് ഇൻസ്പെക്ടർ.

(ഇ) പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ മരണകാരണം "ഡെത്ത് ഡ്യൂ ടു പോയ്സനിംഗ്" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്.

(എഫ്) വിശദവും ഊർജ്ജിതവുമായ അന്വേഷണം നടന്നുവരുന്നു.

ജിനിയുടെ കൊലപാതകം

57 (3009) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ, ചെങ്ങമനാട് സ്വദേശിനി ജിനി എന്ന പെൺകുട്ടി കൊല ചെയ്യപ്പെട്ടത് സംബന്ധിച്ച കേസ് പോലീസ് എഴുതിത്തള്ളുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly